




പിങ്ക് പോലീസ് സേവനങ്ങൾക്കായി...




കേരളാ പോലീസ്

# പിങ്ക് പട്രോൾ

ആത്മവിശ്വാസത്തിന്റെ ഒരു വർഷം








സ്ത്രീ സുരക്ഷയ്ക്ക് മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. അതിന്റെ ഭാഗമായാണ് പിങ്ക് പോലീസ് സംവിധാനം പ്രധാന നഗരങ്ങളിൽ ഏർപ്പെടുത്തിയത്. ഒരു വർഷത്തിനകം നല്ല ഫലങ്ങൾ കൊണ്ടുവരാൻ പിങ്ക് പട്രോളിനായതിൽ ഏറെ സന്തോഷമുണ്ട്. എല്ലാവരേയും അഭിനന്ദിക്കുന്നു. പോലീസിലെ വനിതാപ്രാതിനിധ്യവും വലിയ തോതിൽ വർദ്ധിപ്പിക്കുന്നതുൾപ്പെടെ മറ്റ് ഒട്ടേറെ നടപടികളും സ്ത്രീസുരക്ഷയ്ക്കായി സർക്കാർ സ്വീകരിച്ചുവരികയാണ്. സുരക്ഷിതകേരളത്തിനായി നമുക്കൊരുമിച്ച് മുന്നേറാം.

**പിണറായി വിജയൻ**
മുഖ്യമന്ത്രി



പിങ്ക് പട്രോൾ നിലവിൽ വന്നിട്ട് ഒരു വർഷം തികയുമ്പോൾ പതിനായിരക്കണക്കിന് വനിതകൾക്ക് ആശ്വാസമേകാൻ കഴിഞ്ഞതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്. എവിടെയും ഏതുസമയത്തും സ്ത്രീകൾക്ക് പൂർണ്ണസുരക്ഷ - അതാണ് കേരള പോലീസ് ലക്ഷ്യംവയ്ക്കുന്നത്. അതിനുള്ള നിരവധി നടപടികളിൽ പ്രധാനപ്പെട്ട ഒന്നാണിത്. അതിക്രമങ്ങളുണ്ടാകുമ്പോൾ ധൈര്യമായി വിളിച്ചോളൂ- 1515.

**ലോക്നാഥ് ബെഹറ**
സംസ്ഥാന പോലീസ് മേധാവി



## സുരക്ഷയും ആശ്വാസവുമേകി ഒരു വർഷം: പിങ്ക് പട്രോൾ സംവിധാനത്തിന് ആഗസ്റ്റ് 15 ന് ഒന്നാം പിറന്നാൾ




സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നഗരങ്ങളിൽ ആരംഭിച്ച പിങ്ക് പട്രോൾ സംവിധാനത്തിന് ഒരു വയസ്സ്. സ്ത്രീസുരക്ഷയ്ക്ക് ശക്തമായ നടപടികളെടുക്കാനുള്ള കേരളസർക്കാരിന്റെ തീരുമാനത്തെ തുടർന്നാണ് സംസ്ഥാന പോലീസ് പിങ്ക് പട്രോൾ സംവിധാനത്തിന് രൂപം നല്കിയത്. അത്യാധുനികസംവിധാനങ്ങളുള്ള വാഹനങ്ങളിൽ വനിതകൾ മാത്രമടങ്ങുന്ന പിങ്ക് പട്രോൾ സംവിധാനം രാജ്യത്തിനുതന്നെ മാതൃകയായി. സ്ത്രീകൾക്ക് പിങ്ക് പട്രോൾ സഹായത്തിനും വിവരങ്ങൾ അറിയിക്കുന്നതിനും സജ്ജമാക്കിയ 1515 എന്ന നമ്പരിലേക്ക് നിരന്തരം വിളികളെത്തി. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വിവരങ്ങൾ ചോദിച്ചും സഹായത്തിനുമായി 17820 കോളുകളാണ് പിങ്ക് പട്രോൾ ടീമുകൾ കൈകാര്യം ചെയ്തത്. നഗരങ്ങളിൽ നിന്നു മാത്രമല്ല, പലപ്പോഴും വിദൂര ഗ്രാമങ്ങളിൽ നിന്നും പദ്ധതി നിലവിലില്ലാത്ത പ്രദേശങ്ങളിൽ നിന്നുമൊക്കെ സഹായാഭ്യർഥനകളെത്തി. പ്രാദേശിക പോലീസ് സംവിധാനങ്ങളുപയോഗിച്ച് അവയിൽ ഭൂരിഭാഗത്തിനും പരിഹാരമുണ്ടാക്കാൻ പിങ്ക് പട്രോൾ സംഘത്തിനായി.

2016 ആഗസ്റ്റ് 15 ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയനും പത്നി കമല വിജയനും ചേർന്നാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്. തുടർന്ന് വിവിധ ഘട്ടങ്ങളിലായി കൊച്ചി, കോഴിക്കോട്, കൊല്ലം, കണ്ണൂർ, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം എന്നീ നഗരങ്ങളിലും പദ്ധതി ആരംഭിച്ചു.

ഒരു ഫോൺസന്ദേശം ലഭിച്ചാൽ വേഗത്തിൽ സഹായം എത്തിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ വാഹനത്തിൽ ലഭ്യമാണ്. ഇതോടൊപ്പം പിങ്ക് പട്രോൾ കൺട്രോൾ റൂമും ജില്ലകളിൽ പ്രവർത്തന സജ്ജമാക്കി. അതിക്രമങ്ങൾ സംബന്ധിച്ചും സുരക്ഷ സംബന്ധിച്ചും ഇവിടെ ലഭിക്കുന്ന വിവരങ്ങൾ ഉടൻ പിങ്ക് പട്രോൾ വാഹനങ്ങൾക്ക് കൈമാറും. സി-ഡാക്ക്, കെൽട്രോൺ എന്നിവയുടെ സാങ്കേതിക സഹായത്തോടെയാണ് സോഫ്റ്റ്‌വെയറും വാഹനവും തയ്യാറാക്കിയത്.

ഡ്രൈവർ ഉൾപ്പെടെ പൂർണമായും വനിതകൾ കൈകാര്യം ചെയ്യുന്ന പട്രോളിങ് വാഹനം സ്കൂൾ, കോളേജ്, ഓഫീസുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ പട്രോളിങ് നടത്തുന്നത് സ്ത്രീകളിൽ സുരക്ഷിതത്വബോധം പകരാനും സുരക്ഷ വർധിപ്പിക്കാനും ഏറെ സഹായകമാണെന്ന് അനുഭവങ്ങൾ സൂചിപ്പിക്കുന്നു. സ്ത്രീകളെ പിൻതുടർന്ന് ശല്യം ചെയ്യൽ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ലഹരിമരുന്നിന്റെ വിൽപ്പന തുടങ്ങിയവ തടയുന്നതിനും പിങ്ക് പട്രോൾ സാന്നിധ്യം ഏറെ സഹായിക്കുന്നുണ്ട്. വിവിധ കേന്ദ്രങ്ങളിലുള്ള ബീറ്റ് ഓഫീസർമാർക്ക് ആവശ്യമായ സഹായങ്ങളും പിങ്ക് പട്രോൾ സംഘം നൽകുന്നുണ്ട്.

രണ്ടാം വയസ്സിലേക്കു കടക്കുമ്പോൾ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനും കൂടുതൽ വിപുലപ്പെടുത്താനുമൊരുങ്ങുകയാണ് കേരളസർക്കാരും പോലീസും.





### തിരുവനന്തപുരം സിറ്റി

- 2016 ആഗസ്റ്റ് 15 ന് തുടക്കം.
- മൂന്ന് വാഹനങ്ങളിലായി 31 ടീമംഗങ്ങൾ
- തിരുവനന്തപുരം നഗരം, ടെക്നോപാർക്ക് തുടങ്ങി പ്രധാന സ്ഥലങ്ങളിൽ പട്രോളിങ്.
- അന്വേഷണങ്ങളുൾപ്പെടെ 2,26,223 ഫോൺകോളുകൾ.
- സഹായം അഭ്യർത്ഥിച്ച് 2,279 കോളുകൾ. അവയ്ക്ക് സത്വര പരിഹാരം.
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ഗുണപ്രദം.

### കൊല്ലം സിറ്റി

- 2017 മാർച്ച് 28 ന് തുടക്കം.
- രണ്ട് വാഹനങ്ങളിലായി ആറ് ടീമംഗങ്ങൾ.
- മേവറം മുതൽ നീണ്ടകരവരെയും നഗരത്തിലെ പ്രധാന സ്ഥലങ്ങളിലും പട്രോളിങ്.
- അന്വേഷണങ്ങളുൾപ്പെടെ 652 ഫോൺകോളുകൾ. അവയ്ക്ക് സത്വര പരിഹാരം.

### കോട്ടയം

- 2017 ജൂൺ 6ന് തുടക്കം.
- രണ്ട് വാഹനങ്ങളിലായി 12 ടീമംഗങ്ങൾ.
- കളക്ടറേറ്റ്, മെഡിക്കൽ കോളേജ്, തിരുനക്കര, കാരാപ്പുഴ, കുടമാളൂർ, നാഗമ്പടം, നാട്ടകം, മണർക്കാട്, കൊശമറ്റം, തിരുവഞ്ചൂർ തുടങ്ങി നഗരത്തിലെ പ്രധാന സ്ഥലങ്ങളിൽ പട്രോളിങ്.
- 90 ഫോൺകോളുകൾ. അവയ്ക്ക് സത്വര പരിഹാരം.
- രാത്രി വൈകി ജോലി കഴിഞ്ഞെത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ യാത്രാ സൗകര്യം.
- വഴിതെറ്റി വരുന്ന വൃദ്ധർക്ക് സഹായവും സംരക്ഷണവും.



### ആലപ്പുഴ

- 2017 ജൂലൈ 9-ന് തുടക്കം.
- രണ്ട് വാഹനങ്ങളിലായി 21 ടീമംഗങ്ങൾ.
- ആലപ്പുഴ നഗര പരിധിയിലെ സ്കൂൾ പരിസരങ്ങൾ തുടങ്ങി പ്രധാന സ്ഥലങ്ങളിൽ പട്രോളിങ്.
- അന്വേഷണങ്ങളുൾപ്പെടെ 469 ഫോൺകോളുകൾ.
- കുടുംബപ്രശ്നങ്ങൾ, പിടിച്ചുപറി, അക്രമം എന്നിവയ്ക്കെതിരെ നിയമ നടപടി.
- മാനസികനില തെറ്റിയവർക്കും വൃദ്ധർക്കും ആവശ്യമായ സഹായം.

## തൃശൂർ സിറ്റി

- 2016 ഡിസംബർ 19 ന് തുടക്കം.
- രണ്ട് വാഹനങ്ങളിലായി 10 ടീമംഗങ്ങൾ
- തൃശൂർ നഗരത്തിലെ ബസ് സ്റ്റാന്റ്, സ്കൂൾ പരിസരം തുടങ്ങി പ്രധാന സ്ഥലങ്ങളിൽ പട്രോളിങ്.
- അന്വേഷണങ്ങളുൾപ്പെടെ 227 ഫോൺകോളുകൾ. അവയ്ക്ക് സത്വര പരിഹാരം.

## കൊച്ചി സിറ്റി

- 2016 നവംബർ 25 ന് തുടക്കം.
- മൂന്ന് വാഹനങ്ങളിലായി 33 ടീമംഗങ്ങൾ
- എറണാകുളം നഗരമുൾപ്പെടെ പ്രധാന സ്ഥലങ്ങളിൽ പട്രോളിങ്
- അന്വേഷണങ്ങളുൾപ്പെടെ 13,445 ഫോൺകോളുകൾ.
- 662 കോളുകൾക്ക് ആവശ്യമായ നിയമ സഹായം നൽകി.
- സ്കൂളുകളിൽ കയറാതെ കറങ്ങിനടക്കുന്ന കുട്ടികളെ കണ്ടെത്തി സ്കൂൾ/രക്ഷിതാക്കളെ അറിയിക്കുന്നു.




## കോഴിക്കോട് സിറ്റി

- 2017 ഫെബ്രുവരി 2 ന് തുടക്കം.
- രണ്ട് വാഹനങ്ങളിലായി 20 ടീമംഗങ്ങൾ
- കോഴിക്കോട് സിറ്റി, ബീച്ച്, ആശുപത്രി, ബസ് സ്റ്റാന്റ്, സ്കൂൾ പരിസരം തുടങ്ങി പ്രധാന സ്ഥലങ്ങളിൽ പട്രോളിങ്
- അന്വേഷണങ്ങളുൾപ്പെടെ 356 ഫോൺകോളുകൾ.

## കണ്ണൂർ

- 2017 ഫെബ്രുവരി ഒന്നിന് തുടക്കം.
- രണ്ട് വാഹനങ്ങളിലായി 21 ടീമംഗങ്ങൾ
- കണ്ണൂർ നഗരത്തിലെ റെയിൽവെ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, ആശുപത്രി, കോളേജ് പരിസരം തുടങ്ങി പ്രധാന സ്ഥലങ്ങളിൽ പട്രോളിങ്.
- അന്വേഷണങ്ങളുൾപ്പെടെ 227 ഫോൺകോളുകൾ. അവയ്ക്ക് സത്വര പരിഹാരം.
- പൊതുസ്ഥലങ്ങളിലെ അതിക്രമങ്ങൾ കുറയുന്നു.



# സ്ത്രീസുരക്ഷ ഉറപ്പാക്കി കേരള പോലീസ്

## അഞ്ചുലക്ഷം സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരീശീലനം

പെട്ടെന്നുണ്ടാകുന്ന അതിക്രമങ്ങളിൽ നിന്ന് രക്ഷ നേടാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിന് വിപുലമായ ഒരു സ്വയം പ്രതിരോധ പരിശീലന പദ്ധതി ഇപ്പോൾ കേരള പോലീസ് നടപ്പാക്കിവരുന്നു.

അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിയാൻ അവരെ പ്രാപ്തരാക്കുക, അത്തരം സന്ദർഭങ്ങളിൽ സ്വയംക്ഷയ്ക്കായി പെട്ടെന്നു സ്വീകരിക്കേണ്ടി വരുന്ന ലളിതമായ പ്രതിരോധവിദ്യകൾ സ്വായത്തമാക്കുക എന്നിവയാണ് ലക്ഷ്യം. കായികമായ പ്രതിരോധവിദ്യകൾക്കൊപ്പം, സ്ത്രീസുരക്ഷയ്ക്കായുള്ള നിയമപരിരക്ഷ, പോലീസും മറ്റു വകുപ്പുകളും നൽകുന്ന സംരക്ഷണ നടപടികൾ എന്നിവ സംബന്ധിച്ച ക്ലാസ്സുകളും ഈ പരിപാടിയുടെ ഭാഗമാണ്. എല്ലാ ജില്ലകളിലും ഈ പരിശീലനം ലഭിക്കുന്നതിന് ജില്ലാ വനിതാ സെല്ലുമായി ബന്ധപ്പെടുക.




- എട്ട് നഗരങ്ങളിൽ പിങ്ക് പോലീസ് പട്രോൾ.
- ജില്ലകളിൽ ഷീ- ടാക്സി / പിങ്ക് ആട്ടോ സംവിധാനം.
- പോലീസ് സ്റ്റേഷനുകളിൽ വനിത ഹെൽപ്പ് ഡെസ്ക്.
- സംസ്ഥാന - ജില്ലാ വനിതാ സെല്ലുകൾ.
- വനിതകൾക്ക് സ്വയംപ്രതിരോധ പരിശീലന പദ്ധതി.
- സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി വനിതകളെ നിയമിക്കുന്നതിന് ഒൻപത് സ്റ്റേഷനുകളിൽ തുടക്കമായി.
- ബ്ലെയ്ഡ് മാഫിയയെ നേരിടുന്നതിന് വനിതാ പോലീസ് അംഗങ്ങൾക്ക് പരിശീലനം.
- പോലീസിലെ സ്ത്രീപ്രാതിനിധ്യം 25 ശതമാനമായി ഉയർത്തും.
- സംസ്ഥാന ചരിത്രത്തിലാദ്യമായി ഒരു വനിതാ ബറ്റാലിയൻ നിലവിൽ വന്നു.
- പുതിയ 451 വനിത പോലീസ് തസ്തികകൾ സൃഷ്ടിച്ചു.
- വനിതകളുടെ കമാൻഡോ വിംഗ് രൂപീകരിയ്ക്കുന്നു.

